Published on 21-02-2018

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 110

# 2018-ലെ കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2018

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 110

# 2018-ലെ കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) ബിൽ

259/2018.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 110

# 2018-ലെ കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) ബിൽ

2003-ലെ കേരള ജലസേചനവും ജലസംരക്ഷണവും ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—2003-ലെ കേരള ജലസേചനവും ജലസംരക്ഷണവും ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയൊൻപതാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2018-ലെ കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2017 ഡിസംബർ 8-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 37-ാം വകുപ്പിന്റെ ഭേദഗതി.—2003-ലെ കേരള ജലസേചനവും ജലസംരക്ഷണവും ആക്റ്റിലെ (2003-ലെ 31) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക), 37-ാം വകുപ്പിൽ, (3)-ാം ഉപവകുപ്പിനുശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(4) യാതൊരാളും ഏതെങ്കിലും വിതരണ സംവിധാനത്തിലോ ജലപ്രവാഹത്തിലോ ചപ്പുചവറുകളോ മാലിന്യമോ വിസർജ്ജ്യമോ നിക്ഷേപിക്കുവാനോ അതിലേക്ക് മലിനജലം ഒഴുകുവാൻ അനുവദിക്കുവാനോ മറ്റേതെങ്കിലും വിധത്തിൽ ജലം മലിനപ്പെടുത്തുവാനോ പാടുള്ളതല്ല.".

3. 58-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 58-ാം വകുപ്പിലെ (1)-ാം ഉപവകുപ്പിൽ, (ജെ) ഖണ്ഡത്തിനുശേഷം, താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(കെ) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന പോലീസ് ഇൻസ്പെക്ടർ ജനറലിന്റെ പദവിയിൽ കുറയാത്ത ഒരു പോലീസ് ഉദ്യോഗസ്ഥൻ.".

4. 59-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 59-ാം വകുപ്പിലെ (2)-ാം ഉപവകുപ്പിനുപകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(2) അതോറിറ്റിയുടെ യോഗത്തിന്റെ ക്വാറം ചെയർമാനുൾപ്പെടെ നാല് അംഗങ്ങൾ ആയിരിക്കേണ്ടതാണ്.".

5. 70-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 70-ാം വകുപ്പിലെ (3)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(3) 7-ാം വകുപ്പിലെയോ 37-ാം വകുപ്പ് (3)-ാം ഉപവകുപ്പിലെയോ (4)-ാം ഉപവകുപ്പിലെയോ വ്യവസ്ഥകൾ ലംഘിക്കുന്ന ഏതൊരാളെയും, കുറ്റസ്ഥാപനത്തിൻമേൽ, മൂന്നുവർഷം വരെയാകാവുന്ന കാലയളവിലേക്കുള്ള തടവോ, രണ്ട് ലക്ഷം രൂപ വരെയാകാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ നൽകി ശിക്ഷിക്കേണ്ടതാണ്.".

6. 70എ എന്ന പുതിയ വകുപ്പ് ചേർക്കൽ.—പ്രധാന ആക്റ്റിലെ 70-ാം വകുപ്പിനുശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"70എ. മജിസ്ട്രേട്ടിന്റെ പ്രത്യേക അധികാരിത.—1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയിലെ (1974-ലെ 2-ാം കേന്ദ്ര ആക്റ്റ്) 29-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റിൻകീഴിൽ ശിക്ഷിക്കപ്പെടാവുന്ന കുറ്റങ്ങൾക്ക് രണ്ട് ലക്ഷം രൂപ വരെയാകാവുന്ന പിഴ ചുമത്തുവാൻ ജുഡീഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേട്ടിന് അധികാരമുണ്ടായിരിക്കുന്നതാണ്.".

7. 72-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 72-ാം വകുപ്പ് (സി) ഖണ്ഡത്തിൽ "രണ്ടുവർഷം വരെയാകാവുന്നതും എന്നാൽ ആറുമാസത്തിൽ കുറയാൻ പാടില്ലാത്തതുമായ ഒരു കാലയളവിലേക്കുള്ള തടവും മുപ്പത്തയ്യായിരം രൂപ വരെയാകാവുന്ന പിഴയും" എന്നീ വാക്കുകൾക്കു പകരം "മൂന്നു വർഷം വരെയാകാവുന്നതും എന്നാൽ ഒരു വർഷത്തിൽ കുറയാൻ പാടില്ലാത്തതുമായ ഒരു കാലയളവിലേക്കുള്ള തടവും രണ്ട് ലക്ഷം രൂപ വരെയാകാവുന്ന പിഴയും" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

8. റദ്ദാക്കലും ഒഴിവാക്കലും.—(1) 2018-ലെ കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) ഓർഡിനൻസ് (2018-ലെ 19) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

2003-ലെ കേരള ജലസേചനവും ജലസംരക്ഷണവും ആക്റ്റിന്റെ (2003-ലെ 31) 57-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം സംസ്ഥാനത്തിനുള്ളിലുള്ള അണക്കെട്ടുകളുടെ സുരക്ഷിതത്വവും സംരക്ഷണവും ഉറപ്പുവരുത്തുക, പരിപാലനത്തിനുള്ള ഉപദേശം നൽകുക എന്നീ ആവശ്യങ്ങൾക്കുവേണ്ടി കേരള ഡാം സേഫ്റ്റി അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്.

ഡാമുകളുടെ സുരക്ഷാ ഭീഷണി കൂടിവരുന്നത് പരിഗണിച്ച് കേരള ഡാം സേഫ്റ്റി അതോറിറ്റിയിലേക്ക് പോലീസ് ഇൻസ്പെക്ടർ ജനറലിന്റെ പദവിയിൽ കുറയാത്ത ഒരു പോലീസ് ഉദ്യോഗസ്ഥനെ അംഗമായി നാമനിർദ്ദേശം ചെയ്യുവാൻ നിർദ്ദേശിക്കുകയുണ്ടായി.

2. നിലവിൽ, കേരള ഡാം സേഫ്റ്റി അതോറിറ്റിയുടെ യോഗത്തിന്റെ ക്വാറം അതോറിറ്റിയിലെ ആകെ അംഗസംഖ്യയുടെ അൻപതു ശതമാനത്തിൽ കുറയുവാൻ പാടുള്ളതല്ല. അംഗങ്ങളിൽ ഭൂരിപക്ഷവും എക്സ്-ഒഫീഷ്യോ ആയതിനാലും മുൻകൂട്ടിനിശ്ചയിച്ച കർത്തവ്യങ്ങളിൽ അവർ ഏർപ്പെട്ടിരിക്കാമെന്നതിനാലും യോഗങ്ങളിൽ ആവശ്യമായ ക്വാറം നിലനിർത്തുന്നതിനായി അതോറിറ്റി പലപ്പോഴും വൈഷമ്യം നേരിടുന്നുണ്ട്. ആയതിനാൽ അടിയന്തരവും സുപ്രധാനവുമായ വിഷയങ്ങളിൽ തീരുമാനമെടുക്കുന്നതിൽ അതോറിറ്റി പ്രായോഗികബുദ്ധിമുട്ടുകൾ അഭിമുഖീകരിക്കാറുണ്ട്.

3. ജലാശയങ്ങൾ മലിനപ്പെടുത്തുന്ന കുറ്റത്തിന് ശിക്ഷാവ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതിനും മൂന്നുവർഷംവരെയാകാവുന്ന കാലയളവിലേക്കുള്ള തടവോ, രണ്ട് ലക്ഷം രൂപവരെയാകാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ ആയി ശിക്ഷ വർദ്ധിപ്പിക്കാനും സർക്കാർ ഉദ്ദേശിക്കുന്നു. പതിനായിരം രൂപയിൽ കവിയുന്ന പിഴ ചുമത്തുവാൻ ജുഡീഷ്യൽ ഒന്നാംക്ലാസ്സ് മജിസ്ട്രേട്ടിന് അധികാരമില്ലാത്തതിനാൽ, ഈ ആക്റ്റിൻകീഴിൽ ശിക്ഷിക്കപ്പെടാവുന്ന കുറ്റങ്ങൾക്ക് രണ്ട് ലക്ഷം രൂപവരെയാകാവുന്ന പിഴചുമത്തുവാൻ അധികാരപ്പെടുത്തുന്നതിനായി കോടതിക്ക് പ്രത്യേക അധികാരിത നൽകുന്നതിനും സർക്കാർ തീരുമാനിച്ചു. ആയതിനാൽ മേൽപ്പറഞ്ഞ ആവശ്യങ്ങൾക്കായി 2003-ലെ കേരള ജലസേചനവും ജലസംരക്ഷണവും ആക്റ്റിലെ 37,58,59,70,72 എന്നീ വകുപ്പുകൾ ഭേദഗതി ചെയ്യുവാനും 70 എ എന്ന പുതിയ ഒരു വകുപ്പ് കൂട്ടിച്ചേർക്കുവാനും സർക്കാർ തീരുമാനിച്ചു.

4. കേരള നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾക്ക് ഉടൻ പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും, 2017-ലെ കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) ഓർഡിനൻസ്, 2017 ഡിസംബർ 7-ാം തീയതി ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2017 ഡിസംബർ 8-ാം തീയതിയിലെ 2698-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2017-ലെ 27-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

5. പ്രസ്തുത ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ, പതിനാലാം കേരള നിയമസഭയുടെ ബിൽ നമ്പർ 92 ആയി പ്രസിദ്ധീകരിച്ചുവെങ്കിലും, ആയത് 2018 ജനുവരി 22-ാം തീയതി ആരംഭിച്ച് 2018 ഫെബ്രുവരി 7-ാം തീയതി അവസാനിച്ച കേരള സംസ്ഥാന നിയസഭയുടെ സമ്മേളനകാലത്ത് അവതരിപ്പിക്കുവാനും പാസ്സാക്കുവാനും കഴിഞ്ഞിരുന്നില്ല. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനായി, 2018-ലെ കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) ഓർഡിനൻസ്, 2018 ഫെബ്രുവരി 12-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2018-ലെ 19-ാം നമ്പർ ഓർഡിനൻസായി 2018 ഫെബ്രുവരി 12-ാം തീയതിയിലെ 334-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

6. പ്രസ്തുത ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ബില്ലിലെ 3-ാം ഖണ്ഡം മുഖേന പ്രധാന ആക്റ്റിലെ 58-ാം വകുപ്പിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന (1)-ാം ഉപവകുപ്പ് (കെ) ഖണ്ഡം, പോലീസ് ഇൻസ്പെക്ടർ ജനറലിന്റെ പദവിയിൽ കുറയാത്ത ഒരു പോലീസ് ഉദ്യോഗസ്ഥനെ കേരള ഡാം സേഫ്റ്റി അതോറിറ്റിയിൽ അംഗമായി ഉൾപ്പെടുത്തുന്നതിന് വ്യവസ്ഥചെയ്യുന്നു. കേരള ഡാം സേഫ്റ്റി അതോറിറ്റിയിലെ ഒരു അംഗത്തിന്റെ സിറ്റിംഗ് ഫീസ് നിലവിൽ 750/- രൂപയാണ്. ഒരു അംഗത്തിന്റെ യാത്രാബത്തയും ദിനബത്തയും സംസ്ഥാന സർക്കാരിലെ ക്ലാസ് I ഓഫീസർമാർക്ക് ബാധകമായ നിരക്കിലായിരിക്കുന്നതാണ്. ഡാമുകളുടെ ഓരോ പരിശോധനയിലും പങ്കെടുക്കുന്നതിന് അംഗങ്ങൾ, എക്സ്- ഒഫീഷ്യോ അംഗങ്ങൾ, സബ് കമ്മിറ്റി അംഗങ്ങൾ എന്നിവർക്ക് പ്രത്യേക ബത്തയായി 1500/- രൂപ അനുവദിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. കേരള ഡാം സേഫ്റ്റി അതോറിറ്റിയിൽ ഒരു പുതിയ അംഗത്തെ ഉൾപ്പെടുത്തുന്നതുകൊണ്ട് യാത്രാബത്ത, ദിനബത്ത, സിറ്റിംഗ് ഫീസ്, പ്രത്യേക ബത്ത എന്നിവയ്ക്കുവേണ്ടി ചെലവ് വരുന്നതാണ്. ചെലവ്, യോഗങ്ങളുടെയും ഡാമുകളുടെ പരിശോധനകളുടെയും എണ്ണത്തെ ആശ്രയിച്ചിരിക്കുന്നതിനാൽ, ഇതിലേക്കായി സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും ഉണ്ടാകാവുന്ന ചെലവ് ഇപ്പോൾ കണക്കാക്കാൻ കഴിയുന്നതല്ല. ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും മേൽപ്പറഞ്ഞതല്ലാതെ മറ്റ് അധിക ചെലവുകളൊന്നും ഉണ്ടാകുന്നതല്ല.

മാത്യു ടി. തോമസ്

(ശരിത്തർജ്ജമ)

## 2003-ലെ കേരള ജലസേചനവും ജലസംരക്ഷണവും ആക്റ്റിൽ (2003-ലെ 31) നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

** ** **

37. ജലസേചന ഭൂമിയിൽ യാതൊരു കയ്യേറ്റവും അനുവദിക്കാൻ പാടില്ലെന്ന്.—(1) യാതൊരാളും കൃഷിക്കായോ മറ്റേതെങ്കിലും ആവശ്യത്തിനായോ ഏതെങ്കിലും ജലസേചന ഭൂമി കൈവശപ്പെടുത്തുവാൻ പാടില്ലാത്തതും അങ്ങനെയുള്ള ഭൂമിയിലുള്ള കയ്യേറ്റം അവസാനിപ്പിക്കുന്നതിനായി ഇറിഗേഷൻ ഓഫീസർ ആവശ്യമായ എല്ലാ നടപടികളും സ്വീകരിക്കേണ്ടതുമാണ്.

വിശദീകരണം:—ഈ ഉപവകുപ്പിന്റെ ആവശ്യങ്ങൾക്കായി 'ജലസേചന ഭൂമി' എന്നാൽ ഒരു ജലസേചന സംരംഭത്തിന്റെ ആവശ്യത്തിനുവേണ്ടി സർക്കാരിന്റെ ഉടമസ്ഥതയിലും നിയന്ത്രണത്തിലും സംരക്ഷണത്തിലും ഉള്ള ഏതൊരു ഭൂമിയും എന്നർത്ഥമാകുന്നതും എന്നാൽ ഒരു പുറമ്പോക്ക് ഉൾപ്പെടാത്തതുമാകുന്നു.

** ** **

(3) യാതൊരാളും ഏതെങ്കിലും വ്യാവസായിക ദ്രവമാലിന്യമോ ഗാർഹികദ്രവമാലിന്യമോ ശരിയായരീതിയിലുള്ള സംസ്കരണം കൂടാതെ ഏതെങ്കിലും ജലപ്രവാഹത്തിലേക്ക് ഒഴുക്കിക്കളയുവാൻ പാടുള്ളതല്ല.

** ** **

58. അതോറിറ്റിയുടെ ഘടന.—(1) അതോറിറ്റിയിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

** ** **

(ജെ) പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ്; എക്സ് - ഒഫിഷ്യോ;

** ** **

** ** **

59. യോഗങ്ങൾ.—(1) അതോറിറ്റി റഗുലേഷനുകളാൽ വ്യവസ്ഥ ചെയ്തേക്കാവുന്ന പ്രകാരമുള്ള സമയങ്ങളിലും സ്ഥലങ്ങളിലും യോഗം ചേരേണ്ടതും ആ യോഗങ്ങളിൽ കാര്യനിർവ്വഹണത്തെ സംബന്ധിച്ച് അപ്രകാരമുള്ള നടപടി ചട്ടങ്ങൾ പാലിക്കേണ്ടതുമാണ്.

(2) അതോറിറ്റിയുടെ യോഗത്തിന്റെ ക്വാറം അതോറിറ്റിയിലെ ആകെ അംഗസംഖ്യയുടെ അൻപതു ശതമാനത്തിൽ കുറയുവാൻ പാടുള്ളതല്ല.

** ** **

70. ശിക്ഷകൾ.— (1) ** **

** ** **

(3) 7-ാം വകുപ്പിലെ വ്യവസ്ഥകൾ ലംഘിക്കുന്ന ഏതൊരാളെയും കുറ്റസ്ഥാപനത്തിന്മേൽ രണ്ടു വർഷം വരെയാകാവുന്ന കാലയളവിലേക്കുള്ള തടവോ ഇരുപത്തിഅയ്യായിരം രൂപ വരെയാകാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ നല്കി ശിക്ഷിക്കേണ്ടതാണ്.

** ** **

72. <u>രണ്ടാമത്തെയോ തുടർന്നുള്ളതോ ആയ കുറ്റത്തിനുള്ള വർദ്ധിപ്പിച്ച ശിക്ഷ.</u>— ഈ ആക്ട് പ്രകാരം ശിക്ഷിക്കപ്പെടാവുന്ന ഒരു കുറ്റത്തിന് ഒരു കോടതിയാൽ ശിക്ഷിക്കപ്പെട്ട ഏതൊരാളെയും അതേ കുറ്റം വീണ്ടും ചെയ്താൽ അങ്ങനെ തുടർന്നുള്ള ഓരോ കുറ്റത്തിനും,—

** ** **

(സി) 70-ാം വകുപ്പ് (3)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും കുറ്റം സംബന്ധിച്ച് രണ്ടു വർഷം വരെയാകാവുന്നതും എന്നാൽ ആറു മാസത്തിൽ കുറയാൻ പാടില്ലാത്തതുമായ ഒരു കാലയളവിലേക്കുള്ള തടവും മുപ്പത്തയ്യായിരം രൂപ വരെയാകാവുന്ന പിഴയും;

** ** **